## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 10.07.2012 ൽ

ചോദ്യം നമ്പർ. 5996 — മറുപടിയ്ക്ക്

### തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലാളികൾക്ക് കൂലി നൽകാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്യുന്നവർക്കായി എത്ര ദിവസം കഴിയുമ്പോഴാണ് കൂലി നൽകി വരുന്നതെന്നും ഇത് സംബന്ധിച്ച് പ്രത്യേക മാർഗ്ഗ നിർദ്ദേശം നിലവിലുണ്ടോയെന്നും വെളിപ്പെടുത്തുമോ ; | എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ തൊഴിലാളികളുടെ ദിവസ വേതനം ആഴ്ചതോറും പരമാവധി തൊഴിൽ കഴിഞ്ഞ് 14 ദിവസത്തിനകം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 9/5/2011ലെ 17508/ഡിഡി2/11/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ പ്രകാരം തൊഴിലാളികൾക്ക് നിയമം അനുശാസിക്കും പ്രകാരം സമയബന്ധിത വേതനം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ടവർക്കുള്ള ഉത്തരവാദിത്വവും കാലഗണനയും നിശ്ചയിച്ചിട്ടുണ്ട്. |
| ബി) | 1/4/2012 മുതൽ തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്യുന്നവർക്ക് കൂലി നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | ബി) | 1/04/12 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിയെടുക്കുന്നവർക്ക് ചുരുക്കം ഗ്രാമപഞ്ചായത്തുകളിൽ സമയത്ത് കൂലി നൽകുന്നതിന് ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ സാധിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ കൂലി നൽകുന്നതിന് യാതൊരു തടസ്സവും നേരിടുന്നില്ല. |
| സി) | ഗ്രാമ പഞ്ചായത്തുകൾക്ക് ഇതിനാവശ്യമായ പണം അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നറിയിക്കാമോ ? | സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ